

ഫോട്ടോ: ബി. മുരളീകൃഷ്ണൻ

# സ്നേഹം മാത്രം

## വിമർശനങ്ങളെക്കുറിച്ച് മാതാ അമൃതാനന്ദമയി ആദ്യമായി തുറന്നു സംസാരിക്കുന്നു

ഇന്ത്യയിലെതന്നെ പ്രമുഖ ആത്മീയപ്രസ്ഥാനത്തിനു നേരെയുള്ള ആരോപണം ചർച്ച ചെയ്യപ്പെടുമ്പോഴും മാതാ അമൃതാനന്ദമയിയെ തേടിയെത്തുന്ന ഭക്തരുടെ എണ്ണത്തിൽ കുറവില്ല. വടക്കേ ഇന്ത്യയിൽനിന്നുള്ള ഒരു സംഘത്തിന് അമ്മയ്ക്കൊപ്പം ഹോളി ആഘോഷിക്കണം. 'എത്ര പ്രതിബന്ധങ്ങൾക്കിടയിലും ആത്മാവിൽ സന്തോഷത്തിന്റെ തിരി തെളിച്ചാൽ തളർന്നു പോകില്ലെ'ന്ന് അമ്മ ഭക്തരോട്. ഏതായാലും ആ വാക്കുകളിൽ ആശ്വസിച്ചു കരയുന്നു ഒരു പോർച്ചുഗീസ് കൗമാരക്കാരി. വീടില്ലായെന്നു സങ്കടപ്പെട്ടു വന്ന ഒരു സ്ത്രീയോട് അമ്മ ചോദിക്കുന്നു. 'മോൾക്കു കാർഡുണ്ടോ?' ചോദ്യം മനസ്സിലാകാതെ വന്നപ്പോൾ സഹായി പറഞ്ഞു, ''റേഷൻ കാർഡുണ്ടോയെന്നാ അമ്മ ചോദിക്കുന്നത്.'' ''ഉണ്ട്.'' ആ മോൾക്ക് ഒരു വീടുവെച്ചു കൊടുക്കണമെന്ന് സഹായികളിൽ ഒരാളോട് അമ്മ. നാലാം ക്ലാസുകാരിയായ സുധാമണിയിൽനിന്നു മാതാ അമൃതാനന്ദമയിയിലേക്കുള്ള യാത്രയിൽ എത്രയെത്ര അനുഭവങ്ങൾ. ഇന്ത്യൻ ഭാഷകൾക്കു പുറമേ പല വിദേശഭാഷകളിൽപ്പോലും അമ്മ ഭജന പാടുന്നു. മാനസികമായി തളർന്നുപോയ എത്രയോ പേരെ കൈപിടിച്ച് ജീവിതത്തിലേക്ക് നടത്തിയിട്ടുണ്ട്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട പലരെയും മോചിപ്പിച്ചെടുത്തു.

നടനും ഗായകനുമായ കൃഷ്ണചന്ദ്രൻ-വനിത ദമ്പതികൾ അവരുടെ അനുഭവം ഇങ്ങനെ പങ്കുവെക്കുന്നു. ''ഞങ്ങൾക്കു മക്കളായി ഒരു മകളെയുള്ളൂ. അമ്മയുടെ സങ്കൽപ്പംകൊണ്ടു ജനിച്ച കുട്ടിയാണ്. അതുകൊണ്ട് 'അമൃതവർഷിണി' എന്നാണ് പേരിട്ടത്. ചില ചാനലുകൾ സ്ത്രീത്വത്തെ അപമാനിക്കുംവിധത്തിൽ ഈ വിഷയം ചർച്ച ചെയ്തതായി അറിഞ്ഞു. കഷ്ടം! നിസ്വാർഥമായ ഈശ്വരപ്രേമത്തിന്റെ ശക്തിയാണ് അമ്മ. അതിന്റെ പ്രത്യക്ഷാനുഭവമാണ് ഞങ്ങളുടെ മകൾ.''

വള്ളിക്കാവിലെ കടലിനും കായലിനുമിടയിലെ അദ്ഭുതമാകുന്ന ആശ്രമ കെട്ടിടങ്ങൾ... ഇന്ത്യയിലും വിദേശത്തും മഠശാഖകൾ... അനാഥാലയങ്ങൾ... ആശുപത്രികൾ... വൃദ്ധസദനങ്ങൾ... സർവകലാശാല. ഇതിനുപുറമേ സുനാമിയും ഭൂകമ്പവും നിരാലംബമാക്കിയ ഭൂമികയിലൊക്കെ അമ്മയുടെ സഹായം എത്തി. കേരളത്തിൽ മാത്രമല്ല, ജപ്പാനിലും ഗുജറാത്തിലും മഹാരാഷ്ട്രയിലും അമേരിക്കയിലും ഹെയ്തിയിലുമൊക്കെ... കെനിയയിൽ ഒരു അനാഥാലയം. ഫിലിപ്പീൻസിൽ രണ്ടു മില്യൺ ഡോളറിന്റെ സഹായത്തോടെയാണ് കുട്ടികളെ പുനരധിവസിപ്പിക്കാൻ ശ്രമിക്കുന്നത്. അമ്മ നേതൃത്വം നല്കുന്ന സ്ഥാപനങ്ങളുടെ ഗവേഷണദൗത്യം ഒരു സർക്കാർ സ്ഥാപനത്തിൽ പോലുമുണ്ടാവില്ല. വളരെക്കുറഞ്ഞ ചെലവിൽ ഉപയോഗിക്കാൻ കഴിയുന്ന ഇൻസുലിൻ പമ്പുകൾ... ത്വഗ്രോഗചികിത്സയ്ക്കായി കശുവണ്ടിത്തോടിൽനിന്നു വേർതിരിച്ചെടുക്കുന്ന ഔഷധം... നാനോ ടെക്നോളജിയിലെ മുന്നേറ്റങ്ങൾ...

തിരക്കുകൾക്കു നടുവിൽ, മാതാ അമൃതാനന്ദമയി ഗൃഹലക്ഷ്മിയോട് ശാന്തമായി സംസാരിച്ചു.

**ആത്മീയത എന്നതിലൂടെ അമ്മ എന്താണ് ലക്ഷ്യമിടുന്നത്?**

ആകാശത്തിനപ്പുറത്തിരുന്ന് ലോകം ഭരിക്കുന്ന ഒരു വ്യക്തിയല്ല ഈശ്വരൻ. അവിടുന്ന് സകലചരാചരത്തിലും നിറഞ്ഞുനിൽക്കുന്ന ചൈതന്യമാണ്. ഈ ലോകം ഈശ്വരന്റെ പ്രത്യക്ഷരുപമാണ്. ഈ സത്യത്തെ സാക്ഷാത്കരിക്കുക. അതിലുറച്ച് എല്ലാ കർമങ്ങളും ചെയ്യുക. ആരിൽനിന്നും ഒന്നും പ്രതീക്ഷിക്കാതെ നിസ്വാർഥമായി എല്ലാവരെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക.

**എല്ലാ മുന്നേറ്റങ്ങളിലും സാധാരണക്കാർക്കൊപ്പം നില്ക്കുമ്പോഴും ആരോപണങ്ങളുടെ ഭീഷണിയിൽ അമ്മയെപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട് ചിലർ. ഏറ്റവും ഒടുവിൽ അമ്മയ്ക്കെതിരെ വലിയ ആരോപണങ്ങളുമായി ഗെയിലിന്റെ പുസ്തകത്തിലെ വിമർശനങ്ങളെക്കുറിച്ചു അമ്മയ്ക്ക് എന്താണു പറയാനുള്ളത്?**



നരേന്ദ്രമോദിക്കൊപ്പം

വിമർശനമാകാം. പക്ഷേ, വിമർശനം ഉണ്ടായി എന്നതുകൊണ്ടുമാത്രം അത് സത്യമാകുന്നില്ല. ഒരു വ്യക്തി അസത്യം പറയാൻ തീരുമാനിച്ചു കഴിഞ്ഞാൽപ്പിന്നെ എത്ര അസത്യങ്ങൾ വേണമെങ്കിലും പറയാൻ കഴിയും. എന്നെ എന്തും പറയാം എന്ന വിചാരം പലർക്കുമുണ്ട്. എനിക്കതിൽ പരിഭവമോ പരാതിയോ ഒന്നുമില്ല. പക്ഷേ, ഭക്തന്മാർ അങ്ങനെയല്ലല്ലോ. അവർക്ക് കുടുംബവും കുട്ടികളും ഒക്കെയുണ്ട്. ഔദ്യോഗികവും സാമൂഹികവുമായ ജീവതമുണ്ട്. പുസ്തകത്തിൽ എഴുതിയിരിക്കുന്ന ഇല്ലാക്കഥകളും അതിനു ചിലർ നല്കിയ അമിതപ്രാധാന്യവും വ്യാഖ്യാനങ്ങളും കേട്ട് അവർ ഒരുപാട് വേദനിച്ചു. ആ കണ്ണീരു കണ്ടപ്പോൾ അമ്മ ഒരു കാര്യം പറഞ്ഞു, ''അമ്മയ്ക്കൊന്നും ഒളിച്ചുവെക്കാനില്ല. ലോകത്തിന്റെ മുൻപിൽ ഞാനൊരു തുറന്ന പുസ്തകമാണ്. മഠം ചെയ്യുന്ന കാര്യങ്ങൾ ആർക്കും കണ്ടു പരിശോധിക്കാവുന്നതാണ്.''

സ്വന്തം ആഗ്രഹങ്ങൾ സാധിക്കാതെ വരുമ്പോൾ ആർക്കാണെങ്കിലും ദേഷ്യം വരും. വിവേകബുദ്ധി നഷ്ടപ്പെടും. പിന്നെ ആലോചിക്കാതെ പലതും പറയും. ആശ്രമജീവിതം സാധിക്കില്ലെന്നു തോന്നുന്ന ഒരു വ്യക്തിക്ക് എപ്പോൾ വേണമെങ്കിലും വിട്ടുപോകാനും വിവാഹജീവിതം നയിക്കാനും ഒക്കെ സ്വാതന്ത്ര്യമുണ്ട്. അമ്മയ്ക്ക് ആ മോളോട് ഇപ്പോഴും നിറഞ്ഞ സ്നേഹമേയുള്ളൂ. നന്മയുണ്ടാകട്ടെ, നല്ലതുവരട്ടെ എന്നു പ്രാർ ഥിക്കുന്നു. കാലം സത്യം തെളിയിക്കും.

**ഗെയിൽ ആശ്രമത്തിലേക്കു വന്നതു ഉടുതുണിക്കു മറുതുണി ഇല്ലാതെയെന്നു പറയുന്നു. ഓർക്കുന്നുവോ ആ ദിനം?**

ഇന്നലത്തെപോലെ ഓർക്കുന്നു. അന്ന് അച്ഛനും അമ്മയും സഹോദരങ്ങളും താമസിച്ചിരുന്ന വീട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആശ്രമം ആയിരുന്നില്ല. അച്ഛന്റെ വസ്തുവിലാണ് ആദ്യമായി ഒരു കുടിൽ കെട്ടിയത്. പിന്നീട് അദ്ദേഹം 10 സെന്റ് ഭൂമി ദാനം തന്നു. 1988-ൽ ആണ് മഠം രജിസ്റ്റർ ചെയ്തത്. ആ മോൾ വരുമ്പോൾ ആരാണെന്നോ, എന്താണെന്നോ ഒന്നും ചോദിച്ചില്ല. ആ മോളെ എല്ലാവരും സ്നേഹിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. പിന്നെന്തുകൊണ്ട് ഇങ്ങനെയൊക്കെ എഴുതിയെന്നു മനസ്സിലാകുന്നില്ല.

**ഗെയിലിനെതിരെ എങ്ങനെ പ്രതികരിക്കണമെന്നാണ് തോന്നുന്നത്?**

ഗായത്രി ഇപ്പോഴും എന്റെ മോളാണ്. എന്നും അങ്ങനെയായിരിക്കും. പ്രതികരണവും പ്രതികാരവും ഒന്നും എന്റെ രീതിയല്ല.

# അത് പച്ചക്കള്ളം

മാതാ അമൃതാനന്ദമയീദേവിക്കും മഠത്തിനുമെതിരെ ആശ്രമവാസിയായിരുന്ന ഓസ്ട്രേലിയൻ സ്വദേശി ഗെയ്ൽ ട്രെഡ്വെൽ 'ഹോളിഹെൽ' എന്ന പുസ്തകത്തിൽ ഉയർത്തുന്ന ആരോപണങ്ങൾ അമ്പരപ്പിക്കുന്നതാണ്.

ഇതിനെക്കുറിച്ച് അമ്മയുടെ ശിഷ്യനായ സ്വാമി അമൃതസ്വരൂപാനന്ദ പ്രതികരിച്ചത് ഇങ്ങനെയാണ്, "ഗെയ്ൽ ട്രെഡ്വെല്ലിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം പച്ചക്കള്ളമാണ്. ഏതാനുംപേരുടെ സ്വാർഥതാത്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി കെട്ടിച്ചമച്ചതാണ് അതിലുള്ളതെല്ലാം. അമ്മയുടെ ജീവിതംപോലെതന്നെ, മഠവും അതിന്റെ പ്രവർത്തനങ്ങളും ജനമധ്യത്തിൽ സുതാര്യമാണ്. അതുകൊണ്ടുതന്നെ അവർ പറയുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്ന് എല്ലാവർക്കുമറിയാം. ഇതിനിടയിൽ വസ്തുതകൾ കണ്ടില്ലെന്നു നടിക്കുന്നവരും വിചിത്രമായ കൽപ്പനകൾ യാഥാർഥ്യമാണെന്ന് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നവരുമുണ്ട്. അവർ കാര്യത്തെക്കാൾ കഥയ്ക്കാണു പ്രാധാന്യം നല്കുന്നത്. ഈ മനോവൈകല്യത്തിനു ചരിത്രാതീതകാലത്തോളം പഴക്കമുണ്ട്. ഇന്നതിനു സാങ്കേതികതയുടെ സഹായം കൂടിയുണ്ടെന്നു മാത്രം. മനുഷ്യാതീതമായ ഒരു 'പരമോന്നതനീതി'യിൽ ഞങ്ങൾക്ക് അടിയുറച്ച വിശ്വാസമുണ്ട്. അമ്മയുടെ പരിശുദ്ധിയെ മനഃപൂർവം താറടിക്കാൻ ശ്രമിച്ചവർക്ക് മാപ്പു കൊടുക്കുവാൻ കാലത്തിനു കഴിയട്ടെ എന്ന് ഹൃദയപൂർവം പ്രാർഥിക്കുന്നു..."


സ്വാമി അമൃതസ്വരൂപാനന്ദ

സ്വീകരിക്കലാണ്, എല്ലാം സ്വാഗതം ചെയ്യലാണെന്റെ മാർഗം. എന്നാൽ ഭക്തന്മാർക്ക് അതിയായ ദുഃഖമുണ്ട്. അവരോട് വികാരപ്രകടനങ്ങൾ പാടില്ല, സഹിക്കണം, ക്ഷമിക്കണം, ആ മോൾക്കുവേണ്ടി പ്രാർഥിക്കണം എന്നൊക്കെയാണ് ഉപദേശിച്ചത്. പക്ഷേ, എല്ലാവരും സാധകരോ, ആത്മീയതത്ത്വങ്ങൾ മനസ്സിലാക്കിയവരോ അല്ല. ചിലർക്ക് അമ്മയും മക്കളും എന്ന മനോഭാവമാണ്. അമ്മയെ പെറ്റമ്മയെപ്പോലെ കാണുന്നവർക്കു ക്ഷമിക്കാൻ കഴിയുമോ എന്നറിയില്ല. ആ മക്കൾക്കും ക്ഷമ കിട്ടുവാൻ കൃപ അനുഗ്രഹിക്കട്ടെ.

**അമേരിക്കയിലുള്ള ശിഷ്യന്മാർ ഗെയ്ലിനെതിരെ നിയമനടപടികളുമായി മുൻപോട്ടുപോകുവാൻ സാധ്യതയുണ്ടോ?**

വിദേശരാജ്യങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രസ്റ്റുകളിൽ അമ്മ അംഗമല്ല. അതതു രാജ്യത്തുള്ള ഭക്തരാണു ട്രസ്റ്റികൾ. അവർ ക്ഷണിക്കുന്നതുകൊണ്ടാണു ഞാൻ അവിടെ പോകുന്നത്. ഈ സംഭവത്തിൽ അവരുടെ മനസ്സ് വല്ലാതെ വ്രണപ്പെട്ടിട്ടുണ്ട്. കേസുകൊടുക്കണം എന്നാണ് അവർ നിർബന്ധമായി പറയുന്നത്. ക്ഷമിക്കണം എന്നാണ് അമ്മ അവരോടു പറഞ്ഞിരിക്കുന്നത്. പക്ഷേ, ഈ പ്രത്യേക സാഹചര്യത്തിൽ അവരെന്തു തീരുമാനിക്കും എന്ന് അമ്മയ്ക്കിപ്പോൾ പറയാൻ കഴിയില്ല.

**തന്നെ ആശ്രയിക്കുന്നവർ തന്നെപ്പറ്റി മോശമായി പറയുമ്പോൾ അമ്മയ്ക്കു വേദന തോന്നുന്നില്ലേ?**

എന്തിന്? എനിക്കൊരു ധർമമുണ്ട്. കൈക്കുഞ്ഞുങ്ങൾ മുതൽ 90-ഉം 100-ഉം വയസ്സ് പ്രായം വരുന്ന മക്കളുള്ള ഒരമ്മയുടെ ധർമം. അക്കൂട്ടത്തിൽ വിവിധ ഭാഷകൾ സംസാരിക്കുന്നവരുണ്ട്. പല സംസ്കാരത്തിലും സ്വഭാവത്തിലും പെടുന്നവരുണ്ട്. പലതരത്തിലുള്ള മതവിശ്വാസങ്ങൾ ഉള്ളവരുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നവരുണ്ട്. അവരെ നയിക്കുന്ന ഒരമ്മയുടെ വലിയ ഉത്തരവാദിത്വം ഉള്ളപ്പോൾ ദുഃഖിക്കുന്നതിനും നിരാശപ്പെടുന്നതിനും വിമർശിക്കുന്നവരെ പരാജയപ്പെടുത്തുന്നതിനും ഒന്നും എന്റെ ജീവിതത്തിൽ സ്ഥാനമില്ല. സ്നേഹം മാത്രമേയുള്ളൂ.

**പെറ്റമ്മപോലും സ്വന്തം മക്കളെ അപായപ്പെടുത്തുന്ന കാലമാണിത്. അമ്മമാർക്കുപോലും കോപം നിയന്ത്രിക്കാൻ പറ്റാതെ വരുമ്പോൾ അമ്മയ്ക്കത് എങ്ങനെ സാധിക്കുന്നു?**

എന്റേത് പെറ്റമ്മയുടെ ഭാവമല്ല; ആത്മീയമാതാവിന്റെയും ഗുരുവിന്റേതുമാണ്. അത് പെറ്റമ്മയുടെ ധർമത്തെക്കാൾ വലുതാണ്. മക്കളുടെ നന്മയ്ക്കായി ചിലപ്പോൾ കാര്യങ്ങൾ ഗൗരവമായി പറയാറും ഉപദേശിക്കാറുമുണ്ട്. ഏതെങ്കിലും ഒരു വിഷയത്തിൽ അല്പം മോശമായ വിദ്യാർഥിക്ക് ട്യൂഷൻ കൊടുക്കുന്നതുപോലെ. തെറ്റുകൾ സ്വയം തിരുത്താൻ മറ്റുള്ളവരെ സഹായിക്കുന്നതാണ് യഥാർഥ സഹായം. അല്ലെങ്കിൽ പിന്നെ 'അമ്മ' എന്നു് അവരെന്നെയും 'മക്കൾ' എന്നു ഞാനവരെയും വിളിക്കുന്നതിൽ എന്തർഥമാണുള്ളത്. മക്കളുടെ കുറവുകൾ എന്റെ കുറവായാണ് ഞാൻ കാണുന്നത്. അതുകൊണ്ട് അവരിൽ ശ്രദ്ധയും വിവേകബോധവും വളർത്താൻ അമ്മ അങ്ങേയറ്റം ശ്രമിക്കും. പക്ഷേ, അത് അടിച്ചും തല്ലിയും സമ്മർദം ചെലുത്തിയുമൊന്നുമല്ല. അങ്ങനെയൊന്നും ആരിലും മാറ്റംവരുത്താൻ കഴിയുമെന്ന് അമ്മ വിശ്വസിക്കുന്നില്ല. എന്റെ ജീവിതത്തിന്റെ മാതൃകയിലൂടെയാണ് ഞാൻ മക്കളെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്.

**എല്ലാവർക്കും സന്തോഷം പകരാനുള്ള ശക്തി അമ്മയിൽ എങ്ങനെയുണ്ടായി?**

ആ ശക്തി 'എന്നിൽ മാത്രമല്ല' എല്ലാവരിലുമുണ്ട്. അനന്തമായ ഈശ്വരശക്തി ഓരോരുത്തരിലും കുടികൊള്ളുന്നുണ്ട്. ഒരു ചെറിയ വിത്തിൽ വലിയൊരു വൃക്ഷം അടങ്ങിയിട്ടുണ്ട്. പക്ഷേ, വിത്ത് വൃക്ഷമല്ല. വൃക്ഷമാകണം. 'ഞാനും ഈശ്വരനും ഒന്നുതന്നെ' എന്നതാണ് യാഥാർഥ്യം. ആ സത്യം സാക്ഷാത്കരിച്ചാൽ ശാന്തിയുണ്ടാകും. അതു മറ്റുള്ളവർക്കു പകർന്നു കൊടുക്കുകയും ചെയ്യാം.

**അമ്മയുടെ ആത്മീയഗുരു ആരാണ്?**

അങ്ങനെയൊരു പ്രത്യേക വ്യക്തിയില്ല. അകക്കണ്ണുകൊണ്ടു നിരീക്ഷിക്കാൻ കഴിയുന്നവർക്കു പ്രകൃതി മഹാഗുരുവാണ്. ദമയന്തിയമ്മയുടെ (അമ്മയുടെ അമ്മ) ശിക്ഷണം വളരെ സഹായിച്ചിട്ടുണ്ട്.

**എന്തുകൊണ്ടാണ് ഒരു മഠം വേണമെന്നു തോന്നിയത്?**

അത് അമ്മയുടെ ആശയം അല്ല. മക്കളെല്ലാവരും കൂടി തീരുമാനിച്ചതാണ്. അമ്മയ്ക്ക് ഒരേ ഒരു സങ്കല്പമേയുള്ളൂ. അതു കാരുണ്യമാണ്.

**അമ്മയിലേക്ക് ഇത്രയും പേരെ ആകർഷിക്കുന്നതെന്താണ്?**

അറിയില്ല. അമ്മയെന്ന ഭാവമായിരിക്കാം. നിഷ്കളങ്കമായ സ്നേഹം മനുഷ്യന്റെ യഥാർഥസ്വരൂപമാണ്. അവന് ഏറ്റവും അടുപ്പമുള്ള ആത്മഭാവമാണത്. ആ സ്നേഹം പ്രത്യക്ഷത്തിൽ അനുഭവിക്കാനും ഹൃദയത്തിലേറ്റാനും കഴിയുന്നിടത്തു സ്വാഭാവികമായ ആകർഷണമുണ്ടാകും. ആ സ്നേഹം ശക്തമായൊരു കാന്തംപോലെയാണ്. അതിലേക്കു എല്ലാവരും ആകർഷിക്കപ്പെടും. നമ്മെ നോക്കി ഒരു കുഞ്ഞു ചിരിച്ചാൽ, അത് ശത്രുവിന്റെ കുഞ്ഞായാലും അറിയാതെ തിരിച്ചും ചിരിക്കില്ലേ? കുഞ്ഞിന്റെ ചിരിയിൽ ആർക്കും നിഷേധിക്കാൻ കഴിയാത്ത ഒരാകർഷണമുണ്ട്. അതുപോലെയാണ് കളങ്കമില്ലാത്ത സ്നേഹം.

**അമ്മയുടെ ആലിംഗനത്തിനായി ഭക്തർ കൊതിക്കുന്നു. എന്നാൽ ഒരു വിഭാഗം ഏറ്റവും കൂടുതൽ വിമർശിക്കുന്നതും ഇതിനെയാണ്.**

അമ്മ സ്വന്തം കുഞ്ഞിനെ ആശ്ലേഷിക്കുന്നതു സ്വാഭാവികമല്ലേ? അവിടെ മാതൃവാത്സല്യം മാത്രമാണുള്ളത്. എനിക്ക് എല്ലാവരും മക്കളാണ്. അമ്മയുടെ ഈ രീതി സ്വാഭാവികമായി സംഭവിച്ചതാണ്. ചുറ്റും ആളിരിക്കുമ്പോൾ മക്കൾക്ക് സ്വകാര്യമായി വേദന പറയണം. അതിനവർ തോളിലേക്കു ചായും. വിഷമങ്ങൾ പറഞ്ഞ് പൊട്ടിക്കരയും. കരയുമ്പോൾ അമ്മ അവരുടെ കണ്ണീരു തുടയ്ക്കും. ചിലപ്പോൾ തളർന്ന് മടിയിൽ വീഴും. അപ്പോഴും അവരെ ആശ്വസിപ്പിക്കും. അടുത്തയാൾക്കും ദുഃഖങ്ങളുണ്ടാകാം. അങ്ങനെയങ്ങനെ ഈ രീതിയായി. റെയിൽവേപാളം പോലെ ആകാതെ ഞാനൊരു നദിപോലെയായി. ഒരാൾ മറിഞ്ഞു വീണു. ആണാണോ പെണ്ണാണോ എന്നു നോക്കിയിട്ടാണോ അയാളെ വീണിടത്തുനിന്നും പിടിച്ചു പൊക്കുന്നത്? അമ്മ എന്തിനാണ് എല്ലാവരെയും ആലിംഗനം ചെയ്യുന്നതെന്ന് ചോദിക്കുന്നത്, 'എന്തിനാണ് ഒഴുകുന്നത്' എന്നു നദിയോട് ചോദിക്കുന്നതു പോലെയാണ്. വിമർശിക്കുന്നവരോട് എനിക്കൊന്നും പറയാനില്ല. കാരണം, ഞാൻ എന്തു പറഞ്ഞാലും അവർക്കതു മനസ്സിലാകില്ല. എന്നുമാത്രമല്ല, പറയുന്നതിനെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യും.

**മാർപാപ്പ കുട്ടികളുടെ പാദം കഴുകുമ്പോൾ, ഭക്തർ അമ്മയുടെ പാദം കഴുകുന്നത് ഒരു കുറവായി ചില സോഷ്യൽ നെറ്റുവർക്കുകൾ പ്രചരിപ്പിക്കുന്നു. അതേപറ്റി?**

മാർപാപ്പയ്ക്ക് അദ്ദേഹത്തിന്റെ മാർഗം. അമ്മയുടെ മാർഗം ഇതാണ്. ഒന്നു വലുതും മറ്റേതു ചെറുതും അല്ല. എന്തിനാണ് താരതമ്യം ചെയ്യുന്നത്? ഒരേ വൃക്ഷത്തിലെ രണ്ടിലകൾപോലും ഒരുപോലെയല്ല. സംസ്കാരങ്ങളും ആചാരങ്ങളും വ്യത്യസ്തമാണ്. എന്നാൽ എല്ലാ മതത്തിന്റെയും തത്ത്വം ആധ്യാത്മികതയാണ്.

ദർശനത്തിന് അമ്മമാർ കൊണ്ടുവരുന്ന കുഞ്ഞുങ്ങളെയും ജന്മാഷ്ടമിദിവസം കൃഷ്ണവേഷം കെട്ടുന്ന കുട്ടികളെയും മടിയിലിരുത്തി അവരുടെ പാദങ്ങളിൽ അമ്മ ഉമ്മവെക്കാറുണ്ട്. കാലിന് അസുഖമുള്ളവർ വരും. അവരുടെ കാലുകൾ അമ്മ തലോടാറുണ്ട്. ആശ്രമത്തിൽ മരണം സംഭവിച്ചാൽ, അമ്മ മൃതശരീരത്തിന്റെ നെറ്റിയിലും പാദത്തിലും ഉമ്മവെക്കാറുണ്ട്. ഞാൻ എല്ലാത്തിനെയും എല്ലായ്പോഴും നമസ്കരിക്കുന്നു.

ഗുരു-ശിഷ്യ ബന്ധം ഏറ്റവും പവിത്രവും ശ്രേഷ്ഠവുമായി കാണുന്ന പാരമ്പര്യമാണ് ഭാരതത്തിലുള്ളത്. അതിന്റെ ഭാഗമാണ് ഗുരുപാദപൂജ. അവിടെ വ്യക്തിയെ അല്ല, ദിവ്യഗുണങ്ങളെയാണ് ആരാധിക്കുന്നത്. 'പാദം കഴുകുന്നതിലും വലിയ പൂജ, അപ്പുറത്തെ ഓട കഴുകുന്നതും ദുഃഖിതരെ സേവിക്കുന്നതുമാണ്' എന്ന് അമ്മ ഭക്തന്മാരോട് പറയാറുണ്ട്. എന്റെ പാദം പൂജിക്കുന്നതിൽ എനിക്ക് താത്പര്യമില്ല. എങ്കിലും ചിലപ്പോൾ മക്കൾ നിർബന്ധിക്കും. അപ്പോൾ അവരുടെ സന്തോഷത്തിനുവേണ്ടി അമ്മ അനുവദിക്കും. യേശുക്രിസ്തുവിന്റെ പാദം ഒരു ഭക്ത സുഗന്ധദ്രവ്യങ്ങൾ കൊണ്ടു കഴുകി തന്റെ മുടികൊണ്ടു തുടച്ചതായി ബൈബിളിൽ പറയുന്നില്ലേ? ആ ഭക്തയുടെ സംതൃപ്തിയാണ് യേശു കണ്ടത്.

**അമ്മ ചിലനേരം കൃഷ്ണ-ദേവീവേഷം അണിയുന്നു എന്നും ചിലർ വിമർശിക്കാറുണ്ട്?**

മനുഷ്യൻ ദിവസവും ഒരുപാട് വേഷങ്ങൾ കെട്ടിയാടുന്ന സമൂഹത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. വക്കീലിനൊരു വേഷം, പോലീസിന് മറ്റൊരുവേഷം. ഈ വേഷങ്ങളൊക്കെ അവരുടെ അധികാരത്തെയും സ്ഥാനത്തെയും സൂചിപ്പിക്കുന്നു. കൃഷ്ണ-ദേവീഭാവങ്ങൾ എല്ലാവരിലും കുടികൊള്ളുന്ന ഈശ്വരതത്ത്വത്തെയാണ് പ്രകടമാക്കുന്നത്. ഈശ്വരൻ സൗന്ദര്യസ്വരൂപനാണല്ലോ. ഈ ഭാവങ്ങൾ മക്കൾക്കു വേണ്ടിയാണ്. അവരുടെ ഭക്തിവിശ്വാസങ്ങൾക്ക് അത് ശക്തിപകരുന്നു. തത്ത്വമാണ് പ്രധാനം. അത് വേഷങ്ങൾക്കെല്ലാം അപ്പുറമാണ്. ആ തലത്തിലെത്താൻ വേണ്ടിയാണിതെല്ലാം. എല്ലാവരും ശാസ്ത്രജ്ഞാനം ഉള്ളവരോ സാധകരോ അല്ല. അവർക്കും ആത്മവികാസത്തിനുള്ള മാർഗം വേണ്ടേ? പലരൂപത്തിലും നാമത്തിലും നാം ആരാധിക്കുന്ന ഈശ്വരചൈതന്യം എല്ലാം ഒന്നാണ്. മാർപാപ്പയും കിരീടം വെക്കാറുണ്ട്. ചൈതന്യമഹാപ്രഭുവിന് കൃഷ്ണ-രാധാഭാവങ്ങൾ ഉണ്ടാകുമായിരുന്നു. ശ്രീരാമകൃഷ്ണപരമഹംസരുടെ ജീവിതത്തിലും ഇത്തരം ഭാവങ്ങളെ കുറിച്ച് പറയുന്നുണ്ട്.

**അമ്മയുടെ ഒരു ദിവസം എങ്ങനെയാണ്?**

കുളിക്കാനും മറ്റും കുറച്ചു സമയം. ഒരു നേരമേ ആഹാരമുള്ളൂ. ചിലപ്പോൾ സ്വയം പാചകം ചെയ്തു കഴിക്കും. അങ്ങേയറ്റം ഒന്നോ രണ്ടോ മണിക്കൂർ വിശ്രമിക്കും. ചിലപ്പോൾ അതിനും കഴിയാറില്ല. പകലും രാത്രിയും വരുന്നതും പോകുന്നതും അറിയാറില്ലെന്നു





വേണമെങ്കിൽ പറയാം. രാവിലെ 10-11 മണിക്ക് മക്കളെ കാണാനിരുന്നാൽ, അതു ചിലപ്പോൾ അടുത്ത ദിവസംവരെ നീളാം. ആശ്രമത്തിൽ 3000-ത്തിലധികം അന്തേവാസികൾ ഉണ്ട്. ചൊവ്വാഴ്ച ദിവസം അവർക്കുള്ളതാണ്. എല്ലാവരും രാവിലെ മുതൽ ഒന്നിച്ചിരുന്നു ധ്യാനിക്കും. പിന്നീട്, അമ്മ അവരുടെ ചോദ്യങ്ങൾക്കു മറുപടി നല്കും. എല്ലാവർക്കും അമ്മ തന്നെ ആഹാരം വിളമ്പി നല്കും. അന്നു വന്ന് അന്നുതന്നെ മടങ്ങിപ്പോകുന്ന ഭക്തർക്കു ദർശനം നല്കും. തിങ്കൾ, വെള്ളി ദിവസങ്ങളിൽ എല്ലാവരുമായി കടപ്പുറത്തു പോയിരുന്നു ധ്യാനിക്കും. ആ ദിവസങ്ങളിലും ചോദ്യോത്തരവും ദർശനവും ഉണ്ടാകും.

മുറിയിൽ ഉള്ളപ്പോഴും ചെയ്യാൻ ധാരാളം ജോലിയുണ്ട്. നൂറുകണക്കിനുള്ള കത്തുകൾ വായിക്കണം. ലോകമൊട്ടുക്കു സേവനപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അനവധി സ്ഥാപനങ്ങളുണ്ട്. അത് ഏല്പിച്ചവർക്കു വേണ്ട നിർദേശങ്ങൾ കൊടുക്കണം. ആശ്രമവാസികളുടെ കാര്യങ്ങൾ ശ്രദ്ധിക്കണം.

ഇതിനിടയിൽ യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ പോകും. അവിടെയും ഭക്തർക്കൊപ്പമാണ് കൂടുതൽ നേരം. ഇരുപത്തേഴു വർഷമായി ലോകം മുഴുവൻ സഞ്ചരിക്കാൻ തുടങ്ങിയിട്ട്. ഇതിനിടയിൽ കാഴ്ചകൾ കാണാനോ അവധി ആഘോഷിക്കാനോ അമ്മ പോയിട്ടില്ല.

**സിനിമ കാണാറില്ലേ?**

അതിനൊന്നും സമയമില്ല. ചിലപ്പോൾ പത്രം ഓടിച്ചൊന്നു നോക്കും.

**മഠത്തിന്റേതു സർക്കാറിനെക്കാൾ വലിയ സാമ്പത്തികശക്തിയായെന്നു പറയുന്നവരുണ്ട്?**

അതിൽ ഞാൻ വിശ്വസിക്കുന്നില്ല. അല്പമെങ്കിലും ചിന്തിക്കാൻ കഴിയുന്നവർ അങ്ങനെ പറയില്ല. ആരെങ്കിലും അങ്ങനെ പറയുന്നുണ്ടെങ്കിൽ എന്തെങ്കിലും ദുരുദ്ദേശ്യം ഉണ്ടാകും. അല്ലെങ്കിൽ അതിശയോക്തി പറയുന്നതായിരിക്കും. സമൂഹത്തിനു നല്ലതു ചെയ്യണം. അത് മാത്രമാണ് അമ്മ ചിന്തിക്കുന്നത്. അതിനനുസരിച്ച് അമ്മ പ്രവർത്തിക്കുന്നു.

**എങ്ങനെയാണ് ഇത്രയധികം വിഷയങ്ങളെ കുറിച്ച് അമ്മ സംസാരിക്കുന്നത്?**

ആ... അറിയില്ല മോളേ. അപ്പോഴപ്പോൾ തോന്നുന്നതു പറയും. അറിവു പുറത്തല്ലല്ലോ. അകത്തല്ലേ. പുറത്തുനിന്നു വിവരങ്ങൾ ശേഖരിക്കാം. എന്നാൽ യഥാർഥ അറിവിന്റെ ഉറവിടം അവനവന്റെ ഉള്ളിലാണ്. അതറിഞ്ഞാൽ എല്ലാം അറിയാം.

**ഈ സ്ഥാപനങ്ങളെല്ലാം നോക്കിനടത്താൻ അമ്മയ്ക്കു കഴിയുന്നതെങ്ങനെയാണ്?**

ഓരോ സാഹചര്യത്തിൽ ആവശ്യമെന്നു തോന്നുന്നതു ചെയ്യുന്നു. മക്കൾ സംശയം ചോദിക്കും. നിർദേശങ്ങൾ തേടും. അന്നേരം സ്വാഭാവികമായി മനസ്സിൽ തോന്നുന്ന കാര്യങ്ങൾ പറയും. ഈശ്വരകൃപകൊണ്ട് ഇത്രയൊക്കെ ചെയ്യാൻ കഴിയുന്നു.

**പണം ചെലവാക്കുന്ന കണക്കു കാണാറുണ്ടോ?**

നോക്കാതിരിക്കാൻ പറ്റില്ലല്ലോ! പരമാവധി ശ്രദ്ധിച്ചാണ് ഓരോന്നും ചെയ്യുന്നത്.

**ഭക്തർതരുന്ന വെള്ളം അമ്മ കണ്ണുമടച്ചു കുടിക്കുന്നു. കൂടെ നില്ക്കുന്നവരെ ഇത്രയ്ക്കങ്ങു വിശ്വസിക്കാമോ?**

എല്ലാവരെയും മക്കളായി കാണുമ്പോൾ, അവിടെ ഭയത്തിനു സ്ഥാനമില്ല. പിന്നെ, എന്നായാലും ഈ ശരീരം നശിക്കും. മരണത്തെ എനിക്കു ഭയമില്ല. ശരീരം തുരുമ്പെടുത്തു പോകുന്നതിലും നല്ലത്, ലോകത്തിനു നന്മ ചെയ്തു തേഞ്ഞുപോകുന്നതല്ലേ?

**സമ്പന്നരാണല്ലോ കൂടുതലും ഭക്തിമാർഗത്തിലേക്ക് വരുന്നത്. അമ്മയ്ക്ക് എന്തു തോന്നുന്നു?**

അത് ശരിയല്ല. അമ്മയുടെ അടുത്തുവരുന്ന മക്കളിൽ ഭൂരിഭാഗവും സാധുക്കളാണ്. ഭക്തി എന്നാൽ, പ്രേമം എന്നാണ് അർഥം. പ്രേമം ഇല്ലാത്തവരായി ലോകത്തിൽ ആരുമില്ല. പക്ഷേ, അതിന്റെ ഉറവ ഉള്ളിലാണ്. അതുണരണം. പ്രേമത്തിനു പണക്കാരനെന്നോ പാവങ്ങളെന്നോ വ്യത്യാസമില്ല. പ്രേമമില്ലെങ്കിൽ, ജീവിതമില്ല. അതുകൊണ്ടു പ്രേമവും ജീവിതവും ഒന്നാണ്. പ്രേമത്തിന്റെ ഏറ്റവും ഉയർന്ന അവസ്ഥയാണ് ഭക്തി. രണ്ട് ഒന്നാകുന്ന അവസ്ഥ. 'ഐ ലവ് യു' എന്നാണ് ലോകം മുഴുവൻ എല്ലാവരും പറയുന്നത്. അങ്ങനെ പറയുമ്പോൾ, അവിടെ ഞാനുമുണ്ട് നീയുമുണ്ട്. എന്നാൽ 'ഞാൻ സ്നേഹം തന്നെയാണ്' എന്നതാണ് പരമാർഥം. സ്നേഹം ശരീരത്തിന്റെ മീറ്റിങ്ങല്ല; ഹൃദയങ്ങൾ മീറ്റ് ചെയ്യുന്നതാണ്. അവിടെ രണ്ട് എന്ന ഭേദമില്ല.

**രാഷ്ട്രീയക്കാരിൽ അമ്മയ്ക്കു പ്രിയപ്പെട്ടവർ ആരാണ്?**

പ്രത്യേകിച്ചു രാഷ്ട്രീയചായ്‌വുകളൊന്നും ഇല്ലാത്തതുകൊണ്ട് എല്ലാവരും ഒരുപോലെയാണ്. വ്യക്തിയെയല്ല, വ്യക്തിയിലെ ഈശ്വരനെയാണ് ഞാൻ കാണുന്നത്.

**അമ്മയുടെ രാഷ്ട്രീയം എന്താണ്?**

രാഷ്ട്രീയം എന്റെ ധർമമല്ല.

**തിരഞ്ഞെടുപ്പു കാലമാണ്, അമ്മ വോട്ടു ചെയ്തിട്ടുണ്ടോ?**

എനിക്ക് ഒരു വോട്ടല്ലേ ചെയ്യാൻ കഴിയൂ. എല്ലാവർക്കും വോട്ട് ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ അതിനെപറ്റി ചിന്തിച്ചേനെ.

**അമ്മയ്ക്കുശേഷം ഇത്രയും വലിയ സ്ഥാപനങ്ങൾ എങ്ങനെയെന്നു ചിന്തിക്കാറുണ്ടോ?**

ഞാനതു ചിന്തിക്കാറില്ല. മാറ്റം വരേണ്ടതും വരുത്തേണ്ടതും ഇപ്പോഴാണ്. ഇപ്പോഴുണ്ടാകുന്ന പരിവർത്തനം ഭാവിയിലും പ്രതിഫലിക്കും. പരമാവധി ശ്രമിക്കുക. വാക്കിലും ചിന്തയിലും പ്രവൃത്തിയിലും നന്മ ചെയ്യുക. ബാക്കി കാലത്തിനു വിട്ടുകൊടുക്കുക.

*സമയവും കാലവും നോക്കാതെ അമ്മയെക്കണ്ടു സങ്കടം പറഞ്ഞു മടങ്ങുന്നവരിൽ പറഞ്ഞറിയിക്കാനാവാത്ത ആനന്ദം കാണാം. 'അമ്മയെ കണ്ടപ്പോൾ എന്റെ ജീവിതത്തിന് അർഥമുണ്ടായി' എന്നൊരു പോർച്ചുഗീസുകാരി. ദ്വിഭാഷി അമ്മയ്ക്കായി അതു മലയാളത്തിൽ ആക്കുന്നു. അമ്മ പുഞ്ചിരിക്കുന്നു. തനി മലയാളത്തിൽ അമ്മ അവരോട് ആവശ്യപ്പെട്ടതും അതായിരുന്നല്ലോ. അവിടെ എത്തുന്നവരെയെല്ലാം ഓരോ തരത്തിൽ അമ്മ ഹൃദയംകൊണ്ടു തൊടുന്നതുപോലെ.*

● രശ്മി രഘുനാഥ്